I/79654/2022

**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്**
**ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം- ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ– ആലപ്പുഴ നഗരസഭ- വാണിജ്യ കെട്ടിട നിർമ്മാണത്തിന് ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം- എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ നഗരസഭയുടെ 23.11.2022 തീയതിയിലെ E6-12273/22 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ TCPALP/1630/2022-C/കെ.ഡിസ് തീയതി : 21-12-2022**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നഗരസഭ, വഴിച്ചേരി വാർഡ്, ആലപ്പുഴ വെസ്റ്റ് വില്ലേജിൽ സർവ്വേ നമ്പർ: 806-38A-2, 807-1A (റീ സർവ്വേ നമ്പർ: 7)-ൽപ്പെട്ട 2255.00 ചതുരശ്ര മീറ്റർ ആകെ പ്ലോട്ട് വിസ്തീർണമുള്ള സ്ഥലത്ത്, നിലവിലുള്ള നിർമ്മാണങ്ങളായ 386.32 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (G+2), 160.00 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള I ഗണത്തിൽപ്പെടുന്ന സോമിൽ, 311.75 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം, പ്രസ്തുത വാണിജ്യ കെട്ടിടത്തിന് മുകളിലായി നിർമ്മിക്കുന്ന 492.03 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യക്കെട്ടിടം എന്നിവയുൾപ്പെടെ ആകെ 1350.10 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് (കവറേജ് : 26.44%, എഫ്.എസ്.ഐ : 0.49) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി K.M.B.R-2019 ചട്ടം ചട്ടം 5(6), 30 എന്നിവ പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ:

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം
6. KMBR 2019 ചട്ടം 5(4) ക്രമ നമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്

I/79654/2022

7. KMBR 2019 ചട്ടം 5(4) ക്രമ നമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
8. KMBR 2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. നിലവിലുള്ള നിർമ്മാണങ്ങൾക്ക് ആവശ്യമായ അനുമതികളെല്ലാം ലഭ്യമാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്ന കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിരിക്കണം. KMBR 2019, ചട്ടം 79A പ്രകാരം നിലവിലുള്ള, പൊളിച്ച നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules 2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
11. പ്രസ്തുത നിർമ്മാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 22 / 2022

Signed by
Joseph K F
Date: 21-12-2022 14:45:32

**(ജോസഫ് കെ. എഫ്.)**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി, ആലപ്പുഴ നഗരസഭ (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് :

1) ശ്രീ. മുരളീധരൻ, പാറയിൽ, വഴിച്ചേരി വാർഡ്, ആലപ്പുഴ.
2) ഓഫീസ് കോപ്പി
3) കരുതൽ ഫയൽ